ഉത്തരം

(എ) ഉണ്ട്.

(ബി) പൊതു വ്യവസായ സ്ഥാപന സൗകര്യങ്ങൾ സൃഷ്ടിച്ച് വ്യവസായ യൂണിറ്റുകളുടെ പ്രത്യേക സമുച്ചയങ്ങൾ രൂപകൽപ്പന ചെയ്യുന്നതിന് വിഭാവനം ചെയ്യുന്നതാണ് ഈ പദ്ധതി. ഇത്തരം സ്ഥാപനങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ മൊത്തമായി കണ്ടെത്തുന്നതിനും വായ്പാ സൗകര്യങ്ങൾ പരസ്പര ധാരണയിലൂടെ ലഭ്യമാക്കുന്നതിനും, പൊതു വിൽപ്പന ബ്രാന്റ് സൃഷ്ടിക്കുന്നതിനും, വിപണനത്തിനും, പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും, ഗുണമേന്മയുള്ള പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തി ഉൽപ്പാദന നേട്ടം കൈവരിക്കുന്നതിനും, തദ്ദാര സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുന്നതിനുള്ള പ്രവർത്തനം ഏറ്റെടുക്കുന്നതിനും കഴിയും. കൂടാതെ ആഗോളവൽക്കരണം മുഖാന്തിരം ഉണ്ടായിട്ടുള്ള മത്സരത്തിൽനിന്നും രക്ഷപ്പെടുന്നതിനും വിദേശ ടെക്നോളജി ഉപയോഗിച്ച് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും സഹായകരമായിരിക്കും.

(സി) സംസ്ഥാനത്ത് ചങ്ങനാശ്ശേരിയിൽ റബ്ബറധിഷ്ഠിത ഉൽപ്പന്നങ്ങളുടെ ഒരു ക്ലസ്റ്റർ പ്രാരംഭ നടപടികൾ പൂർത്തിയാക്കിവരുന്നു.

ചെറുകിട വ്യവസായങ്ങൾക്ക് വാണിജ്യ ബാങ്കുകൾ നൽകിയ വായ്പ

101 [4851] ശ്രീമതി രാധാരാഘവൻ:
ശ്രീ. എ. സുജനപാൽ:
„ വർക്കല കഹാർ:
„ കെ. മുഹമ്മദാലി:
„ ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വേണ്ടി ഇക്കഴിഞ്ഞ ഒരു വർഷം വാണിജ്യ ബാങ്കുകൾ എന്തു തുക വായ്പയായി നൽകി;

(ബി) ചെറുകിട വ്യവസായ രംഗത്തെ വായ്പ കിട്ടുന്നതിനുള്ള പ്രയോറിറ്റി സെക്ടറിൽ പെടുത്തിയിട്ടുണ്ടോ;

(സി) ചെറുകിട വ്യവസായ വായ്പയ്ക്ക് ചുമത്തുന്ന പലിശയെത്ര?

ഉത്തരം

(എ) 1840.10 കോടി (2002-03) രൂപ.

(ബി) ഉണ്ട്.

(സി) (1) രണ്ടു ലക്ഷം രൂപ വരെ- 11.5%

(2) രണ്ടു ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ- 12.75%

(3) 25 ലക്ഷത്തിനു മുകളിൽ- 13.75%.

4852-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly